ദേശീയപാതാ വികസനം

22 (*112) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാതയുടെ വീതി നിശ്ചയിക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണെന്നതിന്റെ വിശദവിവരം നൽകാമോ ;

(ബി) സംസ്ഥാനത്തിന്റെ കാര്യത്തിൽ വീതിയെ സംബന്ധിച്ച് ഇളവെന്തെങ്കിലും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) കേന്ദ്ര സർക്കാരിന്റെ നിലപാടനുസരിച്ച് ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ വേണ്ടി വരുന്ന ഭാരിച്ച ചെലവ് ഏതു വിധത്തിൽ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) കേരളത്തിലെ ദേശീയപാതകളുടെ വീതി നാൽപ്പത്തിയഞ്ച് മീറ്ററായി നിജപ്പെടുത്തുവാൻ കേന്ദ്ര സർക്കാർ അനുവാദം നൽകിയിട്ടുണ്ട്.

(ബി) ദേശീയപാതാ അതോറിറ്റിയുടെ മാർഗ്ഗരേഖാ പ്രകാരം ദേശീയപാതയ്ക്ക് ആവശ്യമായ വീതി അറുപത് മീറ്ററാണ്. എന്നാൽ കേരളത്തിന്റെ ജനസാന്ദ്രതയും സ്ഥലമേറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടും കാരണം കേരളത്തിലെ ദേശീയപാതകളുടെ വീതി നാൽപ്പത്തിയഞ്ച് മീറ്ററായി നിജപ്പെടുത്തുവാൻ കേന്ദ്ര സർക്കാർ സമ്മതിച്ചിട്ടുണ്ട്.

(സി) നിലവിലുള്ള നിയമമനുസരിച്ച് ദേശീയ പാതകളുടെ വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിയുടെ നഷ്ടപരിഹാരം പൂർണ്ണമായും കേന്ദ്രസർക്കാരാണ് വഹിക്കുന്നത്.

നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന

23 (*113) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിത്യോപയോഗസാധനങ്ങളുടെ വില വൻതോതിൽ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിലകയറ്റം തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

(സി) ഭക്ഷ്യവസ്തുക്കളുടെയും മറ്റു സാധനങ്ങളുടെയും വില കുത്തനെ വർദ്ധിക്കുന്നത് എന്തുകൊണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി കൈകൊണ്ടിട്ടുണ്ടോ; പെട്രോൾ, ഡീസൽ വില്പന നികുതി വർദ്ധിപ്പിച്ച സർക്കാർ തീരുമാനം വിലവർദ്ധനയ്ക്ക് ആക്കം കൂട്ടിയിട്ടുണ്ടോ ;

(ഡി) പൊതുമാർക്കറ്റിലെ വില നിയന്ത്രിക്കുന്നതിന് സഹായകരമായ നിലപാട് സ്വീകരിക്കേണ്ട സിവിൽ സപ്ലൈസ് കോർപ്പറേഷൻ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങൾ ഉൾപ്പെടെയുള്ളവയുടെ വില വർദ്ധിപ്പിച്ചത് ജനജീവിതം കൂടുതൽ ദുസ്സഹമാക്കിയിട്ടുള്ള കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ഇ) ഈ സാഹചര്യത്തിൽ വില വർദ്ധന പിൻവലിക്കുന്നതിന് നിർദ്ദേശം നൽകുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(എഫ്) സിവിൽ സപ്ലൈസ് കോർപ്പറേഷന് ഏതെല്ലാം ഇനത്തിൽ എത്ര തുക വീതം കൊടുത്ത് തീർക്കാൻ ബാക്കി നില്പുണ്ടോ ; വിശദമാക്കുമോ ഇവ ഉടൻ നൽകുവാനുദ്ദേശമുണ്ടോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ) പൊതു കമ്പോളത്തിലുണ്ടാകുന്ന വില വർദ്ധനവിന് ആനുപാതികമായി നിത്യോപയോഗ സാധനങ്ങളുടെ വിലയിലും വർദ്ധനവ് ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ആവശ്യകതയുടെ ഭൂരിഭാഗവും അന്യസംസ്ഥാനങ്ങളെ ആശ്രയിച്ചാണ് നിറവേറ്റപ്പെടുന്നത്. അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനം, കയറ്റിറക്ക് കൂലിച്ചെലവിലുണ്ടാകുന്ന വർദ്ധനവ്, പെട്രോൾ, ഡീസൽ വിലവർദ്ധനവ് മുതലായവ ഭക്ഷ്യസാധനങ്ങളുടെ വിലയിലും വർദ്ധനവുണ്ടാക്കുന്നു. എന്നിരുന്നാലും സർക്കാരിന്റെ സമയോചിതമായ വിപണിയിടപെടൽ മുഖാന്തരം വിലവർദ്ധനവ് ഒരു പരിധിവരെ തടഞ്ഞുനിർത്തുന്നതിന് കഴിയുന്നു. ജനജീവിതത്തെ വിലക്കയറ്റം ദുസ്സഹമാക്കുന്നത് തടയുന്നതിനായി പൊതുവിതരണ ശൃംഖലവഴി കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുവരുന്നു. ഇത്തരത്തിൽ വിതരണം ചെയ്യുന്ന റേഷൻ വിഹിതം അർഹരായവർക്ക് കൃത്യമായ അളവിൽ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

കരിഞ്ചന്ത, പൂഴ്ത്തിവയ്പ് മുതലായവ നടത്തി കൃത്രിമക്ഷാമം സൃഷ്ടിച്ച് വിലക്കയറ്റം ഉണ്ടാക്കുന്നത് തടയുന്നതിനുമായി ശക്തമായ റെയ്ഡുകളും പരിശോധനകളും നടത്തിവരികയും ക്രമക്കേടുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ സപ്ലൈകോയുടെ നേതൃത്വത്തിൽ ന്യായവില സൂപ്പർ മാർക്കറ്റുകൾ, മാവേലി സ്റ്റോറുകൾ, പീപ്പിൾസ് ബസാറുകൾ എന്നിവയിലൂടെ സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നു.

(ഡി) സപ്ലൈകോ ഇപ്പോഴും പതിമൂന്ന് സബ്സിഡി സാധനങ്ങൾ ഇരുപത് ശതമാനം മുതൽ മുപ്പത് ശതമാനം വരെ വിലക്കുറവിലാണ് വിൽപന നടത്തുന്നത്. കേരളംപോലുള്ള ഒരു ഉപഭോക്തൃ സംസ്ഥാനത്തിന് പൊതുവിപണിയിലെ വില വർദ്ധനവുണ്ടാക്കുന്ന ഘടകങ്ങളെ നിയന്ത്രിക്കാനും സ്വാധീനിക്കാനുമുള്ള സംവിധാനം വളരെ പരിമിതമാണ്. എന്നിരുന്നാലും ഫലപ്രദമായ വിപണിയിടപെടൽവഴി അവശ്യ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതുമൂലം അനിയന്ത്രിതമായ പൊതു വിപണിയിലെ വില വർദ്ധനവ് ഒരു പരിധിവരെ പിടിച്ചുനിർത്താൻ സപ്ലൈകോയ്ക്ക് സാധിക്കുന്നുണ്ട്.

(ഇ) 1-12-2014-ൽ പതിമൂന്നിനം അവശ്യ വസ്തുക്കളുടെ സബ്സിഡി വില സർക്കാർ പുനർ നിർണ്ണയിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി * ചേർത്തിട്ടുണ്ട്.

(എഫ്) 2008-09 മുതൽ 2014-15 സെപ്റ്റംബർ വരെയുള്ള സപ്ലൈകോയുടെ MIO നഷ്ടം ചുവടെ ചേർക്കുന്നു :

2008-09	31.22 കോടി
2009-10	123.33 കോടി
2010-11	42.50 കോടി
2011-12	46.61 കോടി
2012-13	153.55 കോടി
2013-14	201.94 കോടി
2014-15 (സെപ്റ്റംബർ വരെ)	114.35 കോടി

കർഷകരിൽനിന്നും നെല്ല് സംഭരിച്ച ഇനത്തിൽ സപ്ലൈകോയ്ക്ക് 150.93 കോടി രൂപ നൽകാനുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സപ്ലൈകോക്ക് നൽകാനുള്ള തുക നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly